ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE:16.09.2025**

## പ്രധാനവാർത്ത

1. പോലീസുകാർ തെറ്റു ചെയ്താൽ സർക്കാർ അവരെ സംരക്ഷിക്കില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ. സംസ്ഥാനത്ത് നടക്കുന്ന പോലീസ് അതിക്രമങ്ങളെ കുറിച്ച് അറിയിക്കുന്നില്ലെങ്കിൽ ഇന്റലിജൻ സംവിധാനം പിരിച്ചുവിടണ മെന്ന് പ്രതിപക്ഷ നേതാവ്.

2. വെളിച്ചെണ്ണയുൾപ്പെടെ സപ്ലൈകോ വഴി നൽകുന്ന സബ്സി ഡി സാധനങ്ങളുടെ വില കുറയ്ക്കുമെന്ന് മന്ത്രി ജി.ആർ. അനിൽ നിയമസഭയിൽ.

3. സംസ്ഥാനത്ത് അമീബിക്ക് മസ്തിഷ്കജ്വര രോഗലക്ഷണങ്ങളോടെ ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി യിൽ പ്രവേശിപ്പിച്ചു. ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

RNU TVPM

4. **മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരം വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കുന്നു.**

5. **സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രത്യേക വനിതാ ക്ലിനിക്കുകളുടെ സേവനം ഇന്ന് മുതൽ ലഭ്യ മാകും.**

6. **ഏഷ്യാകപ്പ് ടൻ്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ നേരിടും.**

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മധ്യപ്രദേശ് സന്ദർശിക്കും. സ്വസ്ഥ നാരി സശക്ത് പരിവാർ പദ്ധതിക്കും എട്ടാമത് രാഷ്ട്രീയ പോഷണ മാഹ് പരിപാടിക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

RNUTVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## അമിത് ഷാ

രാജ്യത്തെ ലഹരിമുക്തമാക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാ ബദ്ധ മെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ. സംസ്ഥാനങ്ങളിലെയും, കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായി രുന്നു അദ്ദേഹം. മയക്കുമരുന്ന് മുക്ത ഇന്ത്യ സാധ്യമാക്കുന്നതിനായുള്ള കേന്ദ്രസർക്കാരിന്റെ

ശ്രമങ്ങൾ ശക്തിപ്പെടുത്തുകയാണ് സമ്മേളന ത്തിന്റെ ലക്ഷ്യം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## നിയമസഭ (ഇൻട്രോ)

സംസ്ഥാനത്തെ പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ച വിഷയം ഇന്ന് നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്തു. കോൺഗ്രസിലെ റോജി എം ജോൺ ആണ് വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. പോലീസ് അതിക്രമങ്ങളെ കുറിച്ച് അറിയിക്കുന്നില്ലെങ്കിൽ ഇന്റലിജൻസ് സംവിധാനം പിരിച്ചുവിടണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീഷൻ പറഞ്ഞു. പോലീസ് ഉദ്യോഗസ്ഥരെ പുറത്താക്കുമെന്ന് മുഖ്യമന്ത്രി അറിയിക്കുന്നതു വരെ എംഎൽഎമാരായ സനീഷ് കുമാറും അഷറഫും നിയമസഭാ കവാടത്തിനു മുന്നിൽ അനിശ്ചിത കാല സത്യാഗ്രഹം നടത്തുമെന്ന് പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചു. തെറ്റു ചെയ്ത പോലീസുകാരെ സംരക്ഷിക്കുന്നതു തങ്ങളുടെ നയമല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടിയായി അറിയിച്ചു. ഒൻപതു വർഷങ്ങളിൽ 104 പോലീസുകാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

(വോയിസ്)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## മുണ്ടക്കൈ - മുഖ്യമന്ത്രി

RIJU TVPM

മുണ്ടക്കൈ - ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട വരുടെ പുനരധിവാസത്തിനുള്ള ടൌൺഷിപ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി സഭയെ അറിയിച്ചു. ടൌൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വയനാട് ജില്ലാ കളക്ടർ ചെയർപേഴ്സണായ കോ ഓർഡിനേഷൻ കമ്മിറ്റിയാണ് ഏകോപിപ്പിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## സപ്ലൈകോ

വെളിച്ചെണ്ണയുൾപ്പെടെ സപ്ലൈകോ വഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ വില കുറയ്ക്കുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ നിയമ സഭയെ അറിയിച്ചു. പുതുക്കിയ നിരക്കുകൾ ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും. ഓണക്കാലത്ത് അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്ന തിനുവേണ്ടി ഓരോ റേഷൻകാർഡിനും 20 കിലോഗ്രാം അരി 25 രൂപ വിലയ്ക്ക് നൽകിയിരുന്നു. ഇത് തുടർന്നും സപ്ലൈകോ വിൽപനശാലകൾ വഴി നൽകുന്നതാണെന്നും മന്ത്രി ഉറപ്പുനൽകി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക്ക് മസ്തിഷ്കജ്വര രോഗലക്ഷണങ്ങളോടെ സംസ്ഥാനത്ത് ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാലക്കാട് സ്വദേശിയായ യുവാവിനെയാണ് ആശുപത്രിയിൽ പ്രവേശിപ്പി ച്ചത്. ആരോഗ്യ നില തൃപ്തികരമെന്ന്

PNIUTVPM

അധികൃതർ പറഞ്ഞു. ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## സി ഇ ഒ @ ഉന്നതി (ഇൻട്രോ)

സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കറിന്റെ നേതൃത്വത്തിൽ പാലക്കാട് അട്ടപ്പാടിയിൽ സി ഇ ഒ @ ഉന്നതി പരിപാടി സംഘടിപ്പിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്

(വോയ്സ്)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## പച്ചത്തുരുത്ത് -അവാർഡ്

മികച്ച പച്ചത്തുരുത്തുകൾക്കുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കുന്നു. വിവിധ വിഭാഗങ്ങളിലായി 145 പച്ചത്തുരുത്തു കളാണ് സ്ക്രീനിംഗിൽ പങ്കെടുത്തത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## വനിതാ ക്ലിനിക്

സംസ്ഥാനത്തെ ആദ്യമായി എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രത്യേക വനിതാ ക്ലിനിക്കുകൾ ആരംഭിക്കാ നൊരുങ്ങി കേരളം. എല്ലാ ചൊവ്വാഴ്ചയും

RNU TVPM

പ്രവർത്തിക്കുന്ന ക്ലിനിക്കിലൂടെ വിളർച്ച, രക്താതിമർദ്ദം, പ്രമേഹം, കാൻസർ സ്ക്രീനിങ്ങ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനുള്ള പരിശോധനകൾ എന്നിവ നടക്കും.

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്. കാലാവസ്ഥാ വ്യതിയാനം ആഗോള തലത്തിൽ വലിയ വെല്ലിവിളികൾ സൃഷ്ടിക്കുന്ന കാലത്ത് ഇന്ത്യ ആഗോള കാലാവസ്ഥാ ചാമ്പ്യനായതെങ്ങനെ എന്നാണ് ഇന്നത്തെ സേവാ പർവ്വിലൂടെ വിശദമാക്കുന്നത്.....

**(വോയിസ്)**

RNU TVPM

## ആഗോള അയ്യപ്പ സംഗമം

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. കന്നി മാസം ഒന്നായ നാളെ രാവിലെ അഞ്ച് മണിമുതൽ പൂജകൾ നടക്കും. കന്നി മാസ പൂജകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി 10 ന് നട അടയ്ക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം ഈ മാസം 20 ന് പമ്പയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

## ചരക്ക് സേവന നികുതി

ചരക്ക് സേവന നികുതിയിൽ കൊണ്ടുവന്ന പുത്തൻ തലമുറ പരിഷ്കകാര ങ്ങൾ ഇന്ത്യയുടെ കാലാവസ്ഥാ സംരക്ഷണത്തിനും സുസ്ഥിരതയ്ക്കുമുള്ള പ്രതിബദ്ധതയെ കാണിക്കുന്നതായി കേന്ദ്ര സർക്കാർ. പുനരുപയോഗ ഊർജ്ജ സാങ്കേതിക വിദ്യകൾ, മാലിന്യ സംസ്കരണ സേവനങ്ങൾ, ഹരിത ഗതാഗതം തുടങ്ങിയവയിൽ ഏർപ്പെടുത്തിയ നികുതിയിളവ് ഇതിനുദാ ഹരണമാണ്. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനും മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്ന തിനുമുൾപ്പെടെ ഇത് സഹായകമാകും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഏഷ്യാ കപ്പ്

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബി ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠

PRD TVPM